ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 25-01-2026

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. ലോകചരിത്രത്തിലെ ഏറ്റവും വലിയ റിപ്പബ്ലിക്കിന്റെ അടിസ്ഥാനരേഖയാണു ഇന്ത്യൻ ഭരണഘടനയെന്ന് റിപ്പബ്ലിക് ദിന സന്ദേശത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു.

   Indian Constitution is the foundation stone of the largest republic in the history of the world says President Droupadi Murmu in her Republic Day message.

2. രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു; കേരളത്തിൽ നിന്നും വി.എസ് അച്യുതാനന്ദനും, കെ.ടി തോമസിനും, പി നാരായണനും പത്മ വിഭൂഷൺ; മമ്മൂട്ടിക്കും വെള്ളാപ്പള്ളി നടേശനും പത്മ ഭൂഷൺ, എ.ഇ മുത്തുനായഗം, വിമല മേനോൻ, കൊല്ലക്കയിൽ ജി ദേവകി അമ്മ എന്നിവർക്ക് പത്മശ്രീയും ലഭിച്ചു.

   The country's highest civilian honour, the Padma Awards announces; V.S. Achuthanandan, K.T. Thomas and P. Narayanan from Kerala were awarded the Padma Vibhushan; Mammootty and Vellappally Natesan were awarded the Padma Bhushan, A.E. Muthunayagam, Vimala Menon and Kollakayil G. Devaki Amma were awarded the Padma Shri.

3. രാജ്യത്തെ വ്യവസായ മേഖലയിലുള്ളവരും സ്റ്റാർട്ടപ്പുകളും ഗുണനിലവാരത്തിന് മുൻഗണന നൽകണമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

   In Mann Ki Baat, PM Modi calls on industry and Start-ups to emphasise on quality.

4. 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. സൈനിക ശക്തിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും ദൃശ്യവിരുന്നിന് സാക്ഷിയാകാൻ സജ്ജമായി കർത്തവ്യ പഥ്.

**The country is gearing up for the 77th Republic Day celebrations. The Kartavya Path is all set to witness a visual feast of military might and cultural heritage.**

5. കേരളത്തിലെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

**Prominent figures including the Governor and Chief Minister of Kerala wish the people on Republic Day.**

6. ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ന്യൂസിലാന്റിനെ ബാറ്റിങ്ങിനയച്ചു.

**India wins the toss and put New Zealand in to bat in the third match of the Twenty20 cricket series.**

**********************

## PRESIDENT ADDRESS (INTRO)

ലോകചരിത്രത്തിലെ ഏറ്റവും വലിയ റിപ്പബ്ലിക്കിന്റെ അടിസ്ഥാനരേഖയാണു ഇന്ത്യൻ ഭരണഘടനയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. റിപ്പബ്ളിക് ദിനത്തിന്റെ പൂർവ്വ സന്ധ്യയിൽ രാജ്യത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. ഭരണഘടനയിൽ വിഭാവനംചെയ്തിട്ടുള്ള നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളാണു നമ്മുടെ റിപ്പബ്ലിക്കിനെ നിർവചിക്കുന്നത്. ഭരണഘടനാ വ്യവസ്ഥകളിലൂടെ ദേശീയതയുടെ ചൈതന്യത്തിനും രാജ്യത്തിന്റെ ഐക്യത്തിനും കരുത്തുറ്റ അടിത്തറ പാകാൻ ഭരണഘടനാസ്രഷ്ടാക്കൾക്കു സാധിച്ചുവെന്നും ശ്രീമതി മുർമു പറഞ്ഞു

(ഹോൾഡ്-വോയ്സ്)

രാജ്യത്തിന്റെ പുരോഗതിയെ മുന്നോട്ട് നയിക്കുന്ന എല്ലാ പൗരന്മാരെയും അഭിനന്ദിക്കുന്നതായും, പ്രവാസി ഇന്ത്യാക്കാർ ആഗോളതലത്തിൽ രാജ്യത്തിന്റെ പ്രതിച്ഛായയ്ക്ക് തിളക്കം കൂട്ടുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു. കേന്ദ്ര സായുധ സേനകൾ, പൊലീസ്, കർഷകർ, ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ, അധ്യാപകർ, ശാസ്ത്രജ്ഞർ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവർ രാജ്യത്തിന് കരുത്ത് പകരുന്നതായും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു.

*****************************

## PADMA AWARDS

രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്ന് മുൻ മുഖ്യ മന്ത്രി വി.എസ് അച്യുതാനന്ദന് മരണാന്തര ബഹുമതിയായി പത്മ വിഭൂഷൺ ലഭിച്ചു. ജസ്റ്റിസ്  കെ.ടി തോമസും, മുതിർന്ന മാധ്യമപ്രവർത്തകനും ജന്മഭൂമി പത്രത്തിന്റെ സഹസ്ഥാപകനുമായ പി നാരായണനും പത്മ വിഭൂഷൺ പുരസ്കാരത്തിന് അർഹരായി. ചലച്ചിത്ര നടൻ മമ്മൂട്ടി, SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ എന്നിവരാണ് പത്മ ഭൂഷൺ പുരസ്കാരം നേടിയ മലയാളികൾ. ശാസ്ത്ര മേഖലയിൽ നിന്ന് എ.ഇ മുത്തുനായഗം, നൃത്തരംഗത്തെ സംഭാവനകൾക്ക് കലാമണ്ഡലം വിമല മേനോൻ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊല്ലക്കയിൽ ജി ദേവകി അമ്മ എന്നിവർക്കാണ് കേരളത്തിൽ നിന്നും പത്മശ്രീ പുരസ്കാരം ലഭിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 131 പേരാണ് ഇക്കുറി പത്മ പുരസ്കാരങ്ങൾക്ക് അർഹരായത്.

*****************************

## DEVAKI AMMA (INTRO)

ആലപ്പുഴയുടെ വനമുത്തശിയെന്നറിയപ്പെടുന്ന കായംകുളം കണ്ടല്ലൂർ കൊല്ലക്കയിൽ ദേവകി അമ്മയ്ക്ക് പരിസ്ഥിതി മേഖലയ്ക്കുള്ള സമഗ്ര സംഭാവന കണക്കിലെടുത്താണ് രാജ്യം പത്മശ്രീ നൽകി ആദരിച്ചത്. പുരസ്കാരം ലഭിച്ചതിൽ ഏറെ സന്തോഷമെന്ന് ദേവകി അമ്മ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

*****************************

## MANN KI BAAT (INTRO)

രാജ്യത്തെ വ്യവസായ മേഖലയിലുള്ളവരും സ്റ്റാർട്ടപ്പുകളും ഗുണനിലവാരത്തിന് മുൻഗണന നൽകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിന്റെ 130-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു റിപ്പോർട്ട്.......

*(വോയിസ്)*

*തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണമെന്നും, മികവ് മാനദണ്ഡമാക്കണമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ദേശീയ സമ്മതിദായക ദിനത്തെക്കുറിച്ച് പ്രതിപാദിക്കവെ, ഒരു വോട്ടർ ജനാധിപത്യത്തിന്റെ ആത്മാവാണെന്ന് ശ്രീ മോദി പറഞ്ഞു. ഓരോ വ്യക്തിയും ആദ്യമായി സമ്മതിദായകർ ആയി മാറുന്ന വേള ആഘോഷിക്കപ്പെടേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. 18 വയസ്സ് തികയുമ്പോൾ തന്നെ വോട്ടർമാരായി പേരു ചേർക്കാൻ രാജ്യത്തെ യുവജനങ്ങളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.*

***(PM MODI ON YOUTH VOTER BYTE)***

*രാഷ്ട്രം നാളെ റിപ്പബ്ലിക് ദിനം ആഘോഷിക്കുമ്പോൾ ഭരണഘടനാ ശിൽപികൾക്ക് ആദരമർപ്പിക്കാനുള്ള അവസരമാണിതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഭജനയ്ക്ക് പുതുതലമുറയ്ക്കിടയിൽ സ്വീകാര്യത വർധിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. 'ഭജൻ ക്ലബിങ്' ഉൾപ്പെടെയുള്ള പുത്തൻ രീതികളെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി രാജ്യം മാറിയതായും നിർമിതബുദ്ധി, ബഹിരാകാശം, ആണവോർജം തുടങ്ങി എല്ലാ മേഖലകളിലും ഇന്ത്യൻ സ്റ്റാർട്ടപ്പുകൾ സാന്നിധ്യം അറിയിച്ചതായും അദ്ദേഹം പറഞ്ഞു.*
*ന്യൂസ് ഡെസ്ക് ആകാശവാണി....*

*****************************

## REPUBLIC DAY CELEBRATION

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. റിപ്പബ്ലിക് ദിനാഘോഷ ചടങ്ങുകളിൽ പങ്കെടുക്കുന്നതിന് എത്തിച്ചേർന്ന യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ, യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്ൻ എന്നിവർക്ക് ഇന്ന് ന്യൂഡൽഹിയിലെ വിമാനത്താവളത്തിൽ ഗാർഡ് ഓഫ് ഓണറും ആചാരപരമായ വരവേൽപ്പും നൽകി. രാജ്യത്തിന്റെ സൈനിക ശക്തിയുടെയും സാംസ്കാരിക പൈതൃകത്തിന്റെയും സവിശേഷമായ ദൃശ്യവിരുന്നിനാകും കർത്തവ്യ പഥ് നാളെ സാക്ഷ്യം വഹിക്കുക. വന്ദേമാതരത്തിന്റെ 150 വർഷം എന്നതാണ് ഇക്കുറി റിപ്പബ്ലിക് ദിന പരേഡിന്റെ പ്രമേയം. 17 സംസ്ഥാനങ്ങളുടെ നിശ്ചല ദൃശ്യങ്ങൾ പരേഡിൽ അണിനിരക്കും.

*****************************

## REPUBLIC DAY - KERALA

തിരുവനന്തപുരം സെൻട്ര സ്റ്റേഡിയത്തിൽ നാളെ രാവിലെ 9 ന് നടക്കുന്ന റിപ്പബ്ലിക് ദിനാഘോഷ ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്ന് റിപ്പബ്ളിക് ദിന സന്ദേശം നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന പരിപാടികളിൽ മന്ത്രിമാർ പങ്കെടുക്കും.

*****************************

## GOVERNOR - CM REPUBLIC DAY

കേരളത്തിലെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. നീതി, സ്വാതന്ത്ര്യം, സമത്വം, സഹോദര്യം തുടങ്ങി രാഷ്ട്രത്തെ യോജിപ്പിച്ച് നിർത്തുന്ന ശാശ്വത മൂല്യങ്ങളുടെ ഓർമപ്പെടുത്തലാണ് ഈ ദിനമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസ സന്ദേശത്തിൽ പറഞ്ഞു. വൈവിധ്യങ്ങളെ ആഘോഷിക്കുന്ന, തുല്യനീതി ഉറപ്പാക്കുന്ന ഇന്ത്യ എന്ന ആശയത്തിന്റെ ആത്മാവാണ് ഭരണഘടനയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ വ്യക്തമാക്കി.

*****************************

## REPUBLIC DAY- GALLANTRY

2026-ലെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച്, പോലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സർവീസസ് എന്നിവയിലെ 982 പേർക്ക് ധീരതയ്ക്കും സേവനത്തിനുമുള്ള മെഡലുകൾ ലഭിച്ചു. ഇതിൽ 125 പേർക്ക് ധീരതയ്ക്കുള്ള മെഡൽ ലഭിച്ചു. ജീവൻ, സ്വത്ത് എന്നിവ സംരക്ഷിക്കുന്നതിലും, കുറ്റകൃത്യങ്ങൾ തടയുന്നതിലും, കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലുമാണ് ധീരതയ്ക്കുള്ള മെഡൽ നല്കുന്നത്. കൂടാതെ,

101 ഉദ്യോഗസ്ഥർക്ക് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡലും 756 പേർക്ക് സ്തുത്യർഹ സേവനത്തിനുള്ള മെഡലും ലഭിച്ചു.

*****************************

## NEW PREZ-NATIONAL VOTERS DAY

രാജ്യത്തിന്റെ ജനാധിപത്യ തിരഞ്ഞെടുപ്പ് പ്രക്രിയയിലുള്ള പൗരന്മാരുടെ വിശ്വാസത്തിന്റെ പ്രതിഫലനമാണ് വോട്ടിംഗ് പ്രക്രിയയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടന്ന ദേശീയ സമ്മതിദായക ദിന പരിപാടിയെ അഭിസംബോധന ചെയ്യവെ, പൗരന്മാർക്ക് സ്വന്തം നിലപാടുകൾ വ്യക്തമാക്കുന്നതിനുള്ള അവസരമാണ് തിരഞ്ഞെടുപ്പുകളെന്നും ശ്രീമതി മുർമു പറഞ്ഞു. ഇന്നത്തെ വോട്ടർമാർ ഭാവിയുടെ ശിൽപികളാണെന്നും, ഭരണഘടനാപരമായ കടമകൾ മനസ്സിൽ വെച്ച് 18 വയസ്സ് തികഞ്ഞ എല്ലാ പൗരന്മാരും വോട്ടവകാശം വിനിയോഗിക്കേണ്ടത് പ്രധാനമാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. "എന്റെ ഇന്ത്യ, എന്റെ വോട്ട്" എന്നതാണ് ഇത്തവണത്തെ ദിനാചരണ പ്രമേയം. സമ്മതിദായകർക്കിടയിൽ അവബോധം വർധിപ്പിക്കുന്നതിനായി ആകാശവാണി വാർത്താ വിഭാഗം നടത്തിയ മികച്ച പ്രചാരണ പരിപാടികൾക്ക് ആകാശവാണി ഡയറക്ടർ ജനറൽ രാജീവ് കുമാർ ജെയ്ൻ രാഷ്ട്രപതിയിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി. തെരഞ്ഞെടുപ്പുകളിൽ സാങ്കേതികവിദ്യയുടെ കാര്യക്ഷമമായ ഉപയോഗത്തിനുള്ള പുരസ്കാരം കാസർഗോഡ് ജില്ലയ്ക്കും വോട്ടർ ബോധവത്കരണത്തിനുള്ള പുരസ്കാരം വയനാട് ജില്ലയ്ക്കും രാഷ്ട്രപതി സമ്മാനിച്ചു.

*****************************

## JOSHI-DAVOS

ഇന്ത്യയുടെ വളർച്ചയിൽ മറ്റു രാജ്യങ്ങൾക്കുള്ള താത്പര്യം മുൻപത്തേക്കാൾ ശക്തമായതായി കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രൽഹാദ് ജോഷി. ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിനിടെ സ്വകാര്യ മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഉയർന്ന വളർച്ചാനിരക്കും കുറഞ്ഞ പണപ്പെരുപ്പവും സ്ഥിരതയുള്ള നയങ്ങളുമുള്ള ഇന്ത്യ, ഇന്ന് ആഗോള സമ്പദ്വ്യവസ്ഥയുടെ മുഖ്യ ചാലകശക്തിയായി മാറിയിരിക്കുകയാണെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

*****************************

## IND - NZ T20 CRICKET

ഇന്ത്യയ്ക്കെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ന്യൂസിലാന്റിന്റെ ബാറ്റിങ്ങ് പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ന്യൂസിലാന്റിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ന്യൂസിലാന്റ് 12 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 86 റണ്ണെന്ന നിലയിലാണ്.

*

***********

***********************************************